(എച്ച്) നിലവിൽ വന്ന എച്ച്.എസ് .എ. നാച്ചുറൽ സയൻസ് ഒഴിവിൽ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാതെ എത്ര പേർക്ക് ആശ്രിത നിയമ പ്രകാരം നിയമനം കൊടുത്തതെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത വിഭാഗത്തിൽ നിയമനം നടത്തിയിട്ടില്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 22-6-2000-ൽ.

(ബി) 25 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) താൽക്കാലികാടിസ്ഥാനത്തിൽ 10 പേർ ജോലി ചെയ്യുന്നു. 10 ഒഴിവുകൾ നിലവിലുണ്ട്.

(ഡി) കോട്ട അനുസരിച്ചുള്ള ഒഴിവുകൾ നികത്തുന്നതിന് നിയമാനുസൃത നടപടകൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) 3 പേർക്ക് പ്രൊമോഷൻ കൊടുത്തിട്ടുണ്ട്. 2003-04-ലെ പ്രൊമോഷൻ ലിസ്റ്റ് ലഭിച്ചിട്ടില്ല. അത് ലഭിച്ചാൽ മാത്രമേ ഉണ്ടാകുന്ന ഒഴിവുകളുടെ 50 ശതമാനം പി.എസ്.സി. വഴി നികത്താൻ നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ കഴിയൂ.

(ജി) മാതൃസ്ഥാപനത്തിൽ ഒഴിവ് വരുന്ന മുറയ്ക്ക് മാത്രമേ പ്രൊട്ടക്ഷനിൽ നിൽക്കുന്ന അദ്ധ്യാപകരെ തിരിച്ചയയ്ക്കാൻ കഴിയൂ.

(എച്ച്) 3 പേർക്ക് ആശ്രിത നിയമനം നൽകിയിട്ടുണ്ട്.

പുതിയ പോസ്റ്റ് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് വൈകുന്നതിന്റെ കാരണം

183 (2911) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃശ്ശൂർ ജില്ലയിലെ പാലപ്പെട്ടി എ.എം.എൽ.പി. സ്കൂളിൽ 2001-02 അദ്ധ്യയന വർഷത്തിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപികയും 2002-03-ൽ സ്ഥിരം തസ്തികയിലായ ശ്രീമതി പി.എസ്. ഷീബയുടെ പുതിയ പോസ്റ്റ് അനുവദിച്ച് കൊണ്ടുള്ള സർക്കാർ ഉത്തരവ് നൽകാൻ വൈകുന്നതിന്റെ കാരണം വിശദമാക്കുമോ ?

ഉത്തരം

പാലപ്പെട്ടി എ.എം.എൽ.പി. സ്കൂൾ മലപ്പുറം ജില്ലയിലെ പൊന്നാനി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന സ്കൂളാണ്. 2001-02 വർഷം എ.എം.എൽ.പി. സ്കൂൾ പാലപ്പെട്ടിയിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപിക ആയിരുന്ന ശ്രീമതി ഷീബ. പി. എസ്.-നെ 2002-03 വർഷം 1:45 പ്രകാരം തന്നെ

LIBRARY ARCHIVES Kerala Legislative Assembly

സ്കൂളിൽതന്നെ അധികമായി ലഭിച്ച സഹദ്ധ്യാപികയുടെ പോസ്റ്റിൽ നിലനിർത്തിയിരുന്നു. എന്നാൽ സർക്കാരിന്റെ സാമ്പത്തിക നിയന്ത്രണം ഉള്ളതിനാൽ തിരൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അധികമായി അനുവദിച്ച തസ്തിക തടസ്സപ്പെടുത്തിയിരുന്നു. ഗവൺമെന്റിൽ നിന്നും ഉത്തരവ് ലഭിക്കുന്നതിനായി പൊന്നാനി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ അംഗീകാരം ലഭിച്ചാൽ ഉടനെ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. പ്രസ്തുത അദ്ധ്യാപികയുടെ 30-6-2003 വരെയുള്ള ശമ്പളം 7-7-2003-ന് അനുവദിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ ഗവൺമെന്റ് എൽ.പി., യു.പി. സ്കൂളുകളുടെ വിശദാംശം

184 (2914) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, ബാലുശ്ശേരി, ചേവായൂർ ഉപവിദ്യാഭ്യാസ ജില്ലകളുടെ അധികാര പരിധിയിൽപ്പെട്ട ഉള്ളിയേരി, അത്തോളി, ബാലുശ്ശേരി, പനങ്ങാട്, നന്മണ്ട, തലകുളത്തൂർ, എലത്തൂർ പഞ്ചായത്തുകളിൽ ആകെ എത്ര ഗവൺമെന്റ് എൽ.പി., യു.പി. സ്കൂളുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഓരോ പഞ്ചായത്തിലുമുള്ള ഗവൺമെന്റ് പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ ;

(സി) സ്വന്തമായി കെട്ടിടമില്ലാത്ത സ്കൂളുകൾ എത്രയാണെന്നും അവ ഏതൊക്കെയാണെന്നും വെളിപ്പെടുത്താമോ ;

(ഡി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഈ സ്കൂളുകൾക്ക് സ്ഥലം വാങ്ങാനും കെട്ടിടം പണിയുവാനും പഞ്ചായത്ത് അധികാരികളുടെയും പി.ടി.എ.-യുടെയും നിവേദനങ്ങൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഗവൺമെന്റ് എൽ.പി. സ്കൂളുകൾ – 16

ഗവൺമെന്റ് യു.പി. സ്കൂളുകൾ – 5

(ബി) അനുബന്ധമായി വച്ചിട്ടുണ്ട്.*

(സി) 9 സ്കൂളുകൾ.

1. ജി. എൽ. പി. എസ്. ബാലുശ്ശേരി
2. ജി. എൽ. പി. എസ്. എരമംഗലം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly